ഉത്തരം

(എ&ബി) ഉണ്ട്. 1999 ജൂൺ 23, 24 തീയതികളിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പൈതൃക സംരക്ഷണ സെമിനാറിൽ ഈ രംഗത്തെ ദേശീയ തലത്തിലുള്ള വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് പൈതൃക സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. നാടിന്റെ സാംസ്കാരിക പൈതൃകം വെളിപ്പെടുത്തുന്ന വസ്തുക്കൾ, നിർമ്മിതികൾ, ആചാരാനുഷ്ഠാനങ്ങളുടെ ഭാഗങ്ങൾ, ചരിത്രാംശങ്ങൾ തുടങ്ങിയവ ഭാവിതലമുറയ്ക്കായി സംരക്ഷിച്ച് നിലനിർത്തുക, വിവിധ കാരണങ്ങളാൽ വളരെ പെട്ടെന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന ചരിത്ര സാംസ്കാരിക വസ്തുക്കൾ ശേഖരിച്ച് പഞ്ചായത്തുകൾ തോറും സാംസ്കാരിക പൈതൃക മ്യൂസിയങ്ങൾ തയ്യാറാക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

സംരക്ഷിത സ്മാരകങ്ങൾ

12 (1992) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സംരക്ഷിത സ്മാരകങ്ങളോ സ്ഥലങ്ങളോ നശിപ്പിക്കപ്പെടുകയോ കയ്യേറ്റം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) അവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഏതാനും സംരക്ഷിത സ്മാരകങ്ങളിൽ അനധികൃത നിർമ്മാണ കൈയേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ട മതിലുകൾ, മടവൂർപ്പാറ ഗുഹാക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ അരിയന്നൂർ ക്ഷേത്രം എന്നിവ.

(സി) മേല്പറഞ്ഞ സ്മാരകങ്ങൾക്ക് ദോഷകരമായി ഭവിക്കുന്ന രീതിയിൽ ഉണ്ടായ അനധികൃത നിർമ്മാണങ്ങൾ എത്രയുംവേഗം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർമ്മാണം നടത്തിയ വ്യക്തികൾക്കും അവ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

13 (1993) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുട്ടികളുടെ സർഗ്ഗാത്മകവും സാംസ്കാരികവുമായ വളർച്ചയ്ക്ക് വേണ്ടി സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) 'തളിർ' എന്ന മാസികയുടെ പ്രചരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) കുട്ടികളിൽ എഴുതാനുള്ള വാസന വളർത്തിയെടുക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ;

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 4 മുതൽ 15 വയസ്സുവരെയുള്ള കുട്ടികളുടെ സാംസ്കാരികവും സർഗ്ഗപരവും വിദ്യാഭ്യാസപരവുമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. കുട്ടികൾക്കുവേണ്ടി വിജ്ഞാനകോശങ്ങൾ, നിഘണ്ടുക്കൾ, പാഠ്യപദ്ധതിക്ക് അനുബന്ധമായുള്ള പുസ്തകങ്ങൾ, ബാലമാസിക എന്നിവ പ്രസിദ്ധീകരിച്ചു വരുന്നു. ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലുള്ള കാസറ്റുകൾ നിർമ്മിക്കുക, കുട്ടികൾക്കുവേണ്ടി സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക, സ്കോളർഷിപ്പ് നല്കുക, ബാലസാഹിത്യകാരൻമാർക്ക് അവാർഡ് നൽകുക മുതലായവയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മപദ്ധതിയിലുൾപ്പെടുന്നു.

(ബി) തളിർ മാസികയുടെ പ്രചരണത്തിനും കൂടിയായി കേരളത്തിലെ സ്കൂൾ തലത്തിലുള്ള ഏകദേശം 5 ലക്ഷത്തിൽപ്പരം കുട്ടികളെ ഉൾപ്പെടുത്തി വിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ തളിർ സ്കോളർഷിപ്പ് പരീക്ഷ വർഷംതോറും നടത്താറുണ്ട്. വാർഷിക വരിക്കാരുടെ എണ്ണം കൂട്ടുന്നതിനായി 25 രൂപയുടെ സമ്മാന പുസ്തകം ഓരോ വരിക്കാർക്കും നൽകി വരുന്നു. കുട്ടികളെ ആകർഷിക്കുന്നതിനായി സ്റ്റിക്കർ നെയിംസ്ലിപ് എന്നിവയും ഏജന്റുമാർ മുഖേന നൽകിവരുന്നുണ്ട്. സീഡിറ്റുമായി സഹകരിച്ച് തളിരിന്റെ പരസ്യം നിർമ്മിച്ച് ദൂരദർശനിൽ പ്രദർശിപ്പിക്കുന്നതിനായുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. തളിർ മാസികയെ സംബന്ധിച്ച പരസ്യം പത്രങ്ങളിലും മാസികകളിലും നൽകി വരുന്നു.

(സി) ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്ക് വേണ്ടി ഹൈസ്കൂൾ, യു. പി. തലങ്ങളിലായി കഥാമത്സരം, കൈയെഴുത്ത് മത്സരം, കവിതാമത്സരം, ലേഖനമത്സരം എന്നിവ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നടത്തിവരുന്നു. സംസ്ഥാന തലത്തിൽ നടത്തുന്ന മത്സരത്തിന് ഒന്നാംസ്ഥാനം നേടിയവർക്ക് ഹൈസ്കൂൾ തലത്തിൽ 5000 രൂപയും യു.പി. തലത്തിൽ 3000 രൂപയും നൽകി വരുന്നുണ്ട്. ഈ മത്സരങ്ങളിൽ വിജയികളാകുന്നവരെയും പ്രോത്സാഹന സമ്മാനം വാങ്ങുന്നവരെയും ഉൾപ്പെടുത്തിക്കൊണ്ട് കഥാക്യാമ്പ്, കവിതാക്യാമ്പ്, ശില്പശാലകൾ, ദൃശ്യമാധ്യമ ക്യാമ്പ് എന്നിവയും സംഘടിപ്പിക്കുന്നു. ഈ

LIBRARY ARCHIVES Kerala Legislative Assembly

മത്സരങ്ങൾ വഴിയും ശില്പശാലകൾ വഴിയും കുട്ടികളിലെ സർഗ്ഗവാസനകളെ വികസിപ്പിച്ചെടുക്കാനും പുതിയ പ്രതിഭകളെ കണ്ടെത്തുന്നതിനും സഹായിക്കുന്നു. ഇതിനുപുറമേ ഓരോ വിദ്യാഭ്യാസ ജില്ലയിലും സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ രചനാ ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നു.

(ഡി) കുട്ടികളുടെ പുസ്തക കോർണർ ഉണ്ടാക്കാൻ സന്നദ്ധരാകുന്ന ലൈബ്രറികൾക്ക് ആവശ്യപ്പെട്ടതത്രയും തന്നെ പുസ്തകം സൗജന്യമായി നല്കി വരുന്നു. ലൈബ്രറി കൗൺസിലുമായി സഹകരിച്ച് ലൈബ്രറികളിൽ പുസ്തക കോർണർ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗം സാഹിത്യവേദി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ സംസ്ഥാനത്തെ സ്കൂളുകളിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പുസ്തകപ്രദർശന മേളകളിൽ വില്പന നടത്തുന്നത് കൂടാതെ കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വഴിയും പ്രചരണവും വില്പനയും നടത്തിവരുന്നുണ്ട്.

അവശകലാകാരന്മാർക്ക് പെൻഷൻ

14 (1994) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര അവശകലാകാരന്മാർക്ക് പെൻഷൻ നല്കിവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പെൻഷൻ നല്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച എത്ര ഹർജികൾ തീരുമാനം എടുക്കാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കലാകാരപെൻഷൻ മൊത്തം 1500 പേർക്കാണ് നല്കി വരുന്നത്. ഇതിൽ ആളുകൾ മരണപ്പെടുന്നതനുസരിച്ച് ഉണ്ടാകുന്ന ഒഴിവിൽ അർഹതയുള്ള കലാകാരന്മാരെ സർക്കാർ തെരഞ്ഞെടുക്കുന്നു.

(ബി) എല്ലാ അപേക്ഷകളും തീർപ്പാക്കി അർഹരായവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

തൃപ്പൂണിത്തുറ ഹിൽ പാലസിലെ സ്പെയിസ് തിയേറ്റർ

15 (1995) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന സ്പെയിസ് തിയേറ്ററിന്റെ പണി ആരംഭിച്ചോ എന്നറിയിക്കാമോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(ബി) ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ഇത് സംബന്ധമായി ഏതെങ്കിലും കരാർ ഒപ്പുവച്ചിരുന്നോ ;

(സി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly